കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - ഒറ്റപ്പാലം നിയോജകമണ്ഡലം - ശ്രീ . പി.ഉണ്ണി എം . എൽ . എ . യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3388/17/തസ്വഭവ തിരുവനന്തപുരം, തീയതി, 24.10.2017

വായന:- 1. 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 23.6.2017 ലെ ഡിബി3/7530/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

ഒറ്റപ്പാലം നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. പി.ഉണ്ണി എം.എൽ.എ. യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രണ്ട് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 70 ലക്ഷം രൂപയ്ക്ക് (എഴുപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

| ക്രമ നം. | പ്രോജക്റ്റ് ഐഡി | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് കോസ്റ്റ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 1199 | ശ്രീകൃഷ്ണപുരം ചന്തപ്പുര ബസ് വെയിറ്റിംഗ് ഷെഡ്, പബ്ളിക്ക് ടോയ് ലറ്റ് നിർമ്മാണം<br>ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | **17,30,976/-** |
| 2 | 1183 | പുലാപ്പറ്റ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | **50,00,000/-** |
| | | ആകെ | **67,30,976/-** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . പി ഉണ്ണി എം . എൽ . എ . യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ പ്രൊജക്റ്റ് ഐ.ഡി .1199 ശ്രീകൃഷ്ണപുരം ചന്തപ്പുര ബസ് വെയിറ്റിംഗ് ഷെഡ്, പബ്ളിക്ക് ടോയ് ലറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ലംപ്സം ഫോർ ക്ലീനിംഗ് എക്യുപ്മെന്റ്സ്, ഹാൻഡ് ഡ്രെയറ്സ്, വേസ്റ്റ് ബിൻ, മിറർ മുതലായവ എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 2,69,024/- രൂപ ഒഴിവാക്കി ആകെ 67,30,976/- രൂപ അനുവദിക്കുന്നതിനും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, വായന ഒന്നിലെ സർക്കാർ ഉത്തരവ് പാലിക്കണമെന്ന വ്യവസ്ഥയോടെയും, LS ആയി വകയിരുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർവ്വഹണം നടത്തുന്നതിനുമുൻപായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതികാനുമതി വാങ്ങേണ്ടതുമാണ് എന്ന വ്യവസ്ഥയോടെയും ഭരണാനുമതി നൽകി ഉത്തരവാകുന്നു

ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി. എ.ഡി. എസ്"എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ . പി ഉണ്ണി എം . എൽ . എ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ട്രഷറി വകുപ്പ് ഡയറക്ടർ,,തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അ.നം.ഐ . ഡി :413/ എൻ . സി . സി .2/2016/ ധന ധനകാര്യ ( നോഡൽ സെന്റർ - സി ) വകുപ്പ് - തീയതി 25.07.2017 -)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/15/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ